(ബി) ഇതിനുവേണ്ടി ആരുടെ കെട്ടിടമാണ് വാടകയ്ക്ക് എടുത്തതെന്നും എന്തു വാടകയാണ് നിശ്ചയിച്ചതെന്നും വെളിപ്പെടുത്താമോ ;

(സി) എന്നത്തേക്ക് ഇതിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെട്ടിടം വാടകയ്ക്ക് എടുത്തിട്ടില്ല.

(സി) എത്രയും വേഗം ഇതിന്റെ പ്രവർത്തനം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വടക്കഞ്ചേരി ടൗണിൽ ലാഭം സ്റ്റോർ ആരംഭിക്കാൻ നടപടി

68 [1965] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ വടക്കഞ്ചേരി ടൗണിൽ ഒരു ലാഭം സ്റ്റോർ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) വടക്കഞ്ചേരി ടൗണിൽ ലാഭം സ്റ്റോർ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) വടക്കഞ്ചേരിയിൽ അടിയന്തിരമായി ലാഭം സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

പുതുക്കോട് ഗ്രാമപഞ്ചായത്തിൽ മാവേലി സ്റ്റോർ തുടങ്ങാൻ നടപടി

69 [1966] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ അസംബ്ലി നിയോജകമണ്ഡലത്തിലുൾപ്പെട്ട പുതുക്കോട് ഗ്രാമ പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ തുടങ്ങണമെന്നുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly